

# RAIN DROPS

Little Kite
2019-2020
G H S Valavayal



## ഉള്ളടക്കം

..........1
എന്റെ കേരളം..........4
തീരാദു:ഖം..........5
ഓന്ത്..........6
..........6
ഓണം വന്നു..........7
അപ്പു അണ്ണാന്റെ സൂത്രം..........8
പ്രണയം..........9
അമ്മ..........10
ഇവൻ എന്റെ പ്രിയ സി.ജെ...........11
പ്രകൃതി..........12
എന്റെ നാട്..........13
GIFT OF GOD..........14
ഏലഞ്ചേലഞ്ചോ..........15
ആകാശത്തിനു ചുവട്ടിൽ..........16
അമ്മയുടെ ദു:ഖം..........17
മാളുവിന്റെ കൂട്ടു..........18
മനുഷ്യൻ..........19
സ്കൂളിലേക്ക്..........20
പൂവേ....പൂവേ..........21
മഴ പ്പാട്ട്..........22
..........22
കേരളപ്പിറവി..........23
തക്കിടതരികിട..........24
പൊതുവിജ്ഞാനം..........25
വാലുള്ള പട്ടം..........27
പ്രകൃതി..........28
മാങ്ങ..........29
പുകവലി ചീത്തയാണ്..........30
വായനക്കുറിപ്പ്..........31
വിശ്യവിഖ്യാതമായ മൂക്ക്..........32
മധുരം മലയാളം..........33
അമ്മ..........34
വിദ്യാലയത്തിന്റെ പൂമുഖതിണ്ണ..........35

തോരാമഴ......................................................36
കാൻസർ വാർഡിലെ ബുദ്ധൻ......................................................37

# എന്റെ കേരളം

വെള്ളിക്കരയിട്ട മരതകപട്ടുചുറ്റി
മണ്ണിൻ മകുടമായി വിളങ്ങും
ലാവണ്യവതി മനശാന്തിതരും
മമ ജൻമനാടേ മനോഹരി

കളകള മൊഴുകി സ്നിഗ്ധ
മടിത്തട്ടുകാണമാറഴകാർന്ന-
രുവികളുമതിരിൽമേഘമേലാപ്പു
തൊട്ടുമുത്തുംഗമേരുക്കളും

പച്ചപട്ടുപാവാടയിൽമിന്നും
വെള്ളിനൂലിഴപോലസംഖ്യം
ശീതളമാല ഞൊറിയിളകു
കേമള നദികളു;മീറൻതടങ്ങളും

മഞ്ഞുപൊഴിയും വസന്തത്തിൽ
വിരിയുമായിരം പൂവാടികൾ
കുളിർത്തെന്നലായാഞ്ഞുവീശും
ഉഷ്ണകാലത്തുംനീലജലാശയങ്ങൾ

ഇളംകാറ്റിൽ പാറുമംഗന
തൻചേലപോലലംകൃതചേലൊത്ത
നീലവർണ്ണ മനോഹരതിര
ഞൊറിയുംമാസാഗരംനീളെ

ഋഷികേശ്.കെ.എസ്
LITTLE KITES II A

# <u>തീരാദു:ഖം</u>

എന്നെ വിട്ടു നീ പോവരുത്
തീരാദു:ഖത്തിൽ താഴ്ലപോവുന്നു ഞാൻ
കണ്ണീർമാത്രം ബാക്കിയായി
പേമാരിയായി വന്നു ദു:ഖം
ശോകമായി ഇന്നെന്റെ ജീവിതം
അച്ഛനാരെന്നറിയില്ല ഇന്നെനിക്ക്
അമ്മയാരെന്നറിയില്ല
സ്നേഹമെന്തന്നറിഞ്ഞില്ല ഞാൻ
വാത്സല്യം എന്തെന്നറിഞ്ഞുകൂടാ

വിസ്മയ
VIII A

# ഓന്ത്

ഓന്ത് വരുന്നത് കണ്ടിട്ട്
ഓടിയൊളിച്ചു കുഞ്ഞുണ്ണി
ഓലത്തുമ്പിലിരുന്നിട്ട്
ഓന്തതു   കണ്ടു ചിരിക്കുന്നേ

അനാമിക
IV A

# ഓണം വന്നു

ഓണം വന്നു പൊന്നോണം
ഓണപ്പാട്ടുകൾപാടേണം
ഓണപ്പൂകൾ പറിക്കേണം
ഓണപ്പുലികളികാണേണം
ഓണക്കോടിയുടുക്കേണം
ഓണപ്രഥമൻ നുണയേണം

അമൃത
X

## അപ്പു അണ്ണാന്റെ സൂത്രം

ഒരു ദിവസം അപ്പു അണ്ണാൻ മാവിലിരുന്ന് കളിക്കുകയായിരുന്നു.അപ്പോഴാണ് അപ്പുറത്ത് നിന്ന് ഒരു കുറുക്കൻ വരുന്നത് കണ്ടത്. അപ്പോൾ അവൻ ഓർത്തു.അമ്മേമക്കോഴിയും കുട്ടികളും മാവിൻ ചോട്ടിൽ കൊത്തിപ്പറിക്കുന്നുണ്ടല്ലോ.കുറുക്കൻ ഇവരെ കാണുകയാണെങ്കിൽതിന്ന് കളയും.എന്തെങ്കിലും ആലോചിച്ചേ പറ്റൂ.അപ്പോഴാണ് അപ്പു അണ്ണാന് ഒരു സൂത്രം തോന്നിയത്.അപ്പു അണ്ണാൻ മാവിലുണ്ടായിരുന്ന ഒരു മാങ്ങയെടുത്ത് അമ്മക്കോഴിയെ എറിഞ്ഞു.അമ്മക്കോഴിയും കുട്ടികളും പേടിച്ചിട്ട് ഓടിപ്പോയി.അത് കണ്ട കുറുക്കനും ജീവനും കൊണ്ട് ഓടി.

ആദിത്യ

ക്ലാസ്:II.A

# പ്രണയം

കാറ്റും മരവും പ്രേമിക്കും നേരം
കല്ലും മണലും കെട്ടിപ്പുണരും
കാക്കയും പൂച്ചയും കൂട്ടിനുചേരുമ്പോൾ
പാടുന്ന ഗാനങ്ങൾ പ്രണയഗാനങ്ങൾ
നീയാണ് പ്രണയം
ഞാനാണ് പ്രണയം
എല്ലാരും ചേർന്നൊരു പ്രണയം
പൂങ്കാവനമില്ല പുത്തൻ പണമില്ല
കാശിക്ക് പോവാൻ പൈസയില്ലിന്ന്
അഴകുള്ള റോസാപ്പൂ
കൊടുത്തപ്പോളുണ്ടായ
വേറൊരു പ്രണയം

അർജ്ജുൻ K . P
VIII A

## <u>അമ്മ</u>

പുഞ്ചിരിച്ചീടുകിൽ അമ്മ വേണം......
കൂടെ കിടക്കാൻ അമ്മ വേണം.........
ഇടക്കിടെ പാട്ടുകൾ പാടി കഥകൾ
പറഞ്ഞ് ഉറക്കി തരാൻ അമ്മ വേണം.....
ഹൃദയത്തിനുള്ളിൽ അമ്മയാണ്.....
സ്നേഹം തരുന്നത് അമ്മയാണ്.........
ആരാരുമില്ലാത്ത നേരത്ത്
കൈതാങ്ങായി അമ്മ വേണം.....
അമ്മയാണ് എല്ലാം........
അമ്മയാണ് എല്ലാം.........

അനരഞ്ജന
VIII A

# ഇവൻ എന്റെ പ്രിയ സി.ജെ

***റോസി തോമസിന്റെ അതി മനോഹരമായ ഒരു കൃതിയാണ് ഇവൻ എന്റെ പ്രിയ സി.ജെ. ഒറ്റയിരിപ്പിനു വായിച്ച് തീർത്ത പുസ്തകം എന്ന് എം.ടി. വിശേഷിപ്പിച്ചിട്ടുള്ള ഈ കൃതി മലയാളത്തിന്റെ അപൂർവ്വ ഭാഗ്യമാണ്.ഈ പുസ്തകം പല കഥകളുടെ ഒരു കേന്ദ്രമാണ്, പതിനഞ്ച് കഥകൾ അടങ്ങിയിട്ടുള്ള പുസ്തകമാണ് ഇത്. ഈ പുസ്തകം ജീവിച്ചിരിക്കുന്ന ഭാര്യ മൺമറഞ്ഞ് പോയ ഭർത്താവിന് അർപ്പിക്കുന്ന പ്രേമോപഹാരമാണ്. ഈ പുസ്തകത്തിന്റെ കേന്ദ്ര കഥാപാത്രം എന്നത് സി.ജെയാണ്. സി.ജെയുടെ മരണത്തിനു മുമ്പുള്ള അനുഭവമാണ് ഈ പുസ്തകത്തിന്റെ പ്രമേയം. പലപ്പോഴും പലർക്കും വിചിത്രമായി തോന്നിപ്പിക്കുന്ന പല സവിശേഷതകളും ഉള്ള ഒരു വ്യക്തിയായിരുന്നു സി.ജെ.കലാപാകാരിയായി ജീവിച്ച് മരിച്ച ഒരാളാണ് സി.ജെ എന്ന് ഈ പുസ്തകത്തിലൂടെ മനസ്സിലാക്കാം. സി.ജെ എന്ന മനുഷ്യനിലെ കറുപ്പും വെളുപ്പുമായ അനുഭവങ്ങൾ പങ്കുവയ്ക്കുന്ന ഒരു പുസ്തകമാണിത്.***

*മേഘ വി എം*
*IX A*

# പ്രകൃതി

എന്ത് മനോഹരമാണ് പ്രകൃതി........
എന്ത് ശാന്തതയാണെൻ പ്രകൃതി........
മണ്ണും മനുഷ്യനും ജീവജാലങ്ങളും ഉൾപ്പെടുന്ന പ്രകൃതി.......
എൻ സ്നേഹനിധിയായ പ്രകൃതി.......
ജീവന്റെ ജീവനായി സ്നേഹത്തോടെ കാണുന്ന പ്രകൃതി.......
മനുഷ്യനെ നിലനിർത്താൻ സഹായിക്കുന്ന പ്രകൃതി.........
കാടും മേടും മലകളും പുഴകളും നിറഞ്ഞ പ്രകൃതി...............
സുന്ദരമായ പ്രകൃതി........
സൗന്ദര്യം നിറഞ്ഞ പ്രകൃതി.....
പ്രകൃതി....പ്രകൃതി......
മനോഹരമായ പ്രകൃതി......
പ്രകൃതി....പ്രകൃതി.....
മോഹരമായ പ്രകൃതി......

അർഷ. കെ. എ
VIII A

## എന്റെ നാട്

എന്റെനാട് എന്റെനാട് എന്റെനാട്
കേരം നിറഞ്ഞൊരു കൊച്ചുനാട്.
പുഴകൾ ഒഴുകുന്ന താളത്തിൽ.
ആടുന്നു പാടുന്നു എന്റെനാട്.

ആരാധ്യ കെ. ജെ
IIA

# GIFT OF GOD

*IT IS A LINE WHICH*
*GOER CONTINOEUSLY AND*
*HAS AN AND . IT CONTAIN*
*SAD AND SWEET MOMENTS.*

*IT TEACH US A LESSON*
*SO MANY HANTS IN IT.*
*OVER JOY GIVES SAD AND*
*HAPPINESS MAKE SAD LATER.*

*EACH DAY IS DIFFERENT*
*AND EVERY MAN IS DIFFERENT*
*SO THIS IS 'LIFE', THE*
*'GIFT OF GOD'.*

*POOJA KRISHNA .S*

VIII B

## ഏലഞ്ചേലഞ്ചോ

ഏലഞ്ചേലഞ്ചോ
ഏലഞ്ചുംകൈതോല
എന്തിൻചോടാണ്
ചോടുകെട്ടിപ്പോകണത്
തേങ്ങാച്ചോടാണ്ചോടുകെട്ടിപ്പോകണത്
ഏലഞ്ചെലഞ്ചോ
ഏലഞ്ചുംകൈതോല
എന്തിൻചോടാണ്
ചോടുകെട്ടിപ്പോകണത്
ചക്കച്ചോടാണ്ചോടുകെട്ടിപ്പോകണത്

ആഷിത്ത്
IV A

# ആകാശത്തിനു ചുവട്ടിൽ

എം.മുകുന്ദന്റെ ആകാശത്തിനു ചുവചട്ടിൽ എന്ന കഥ വളരെ മനോഹരമായി എഴുതിയിരിക്കുന്നു.ഈ കഥ പല അദ്ധ്യായങ്ങളിലൂടെയാണ് എം മുകുന്ദൻ ഈ കഥയിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്.ഇതിലെ ചില അദ്ധ്യായങ്ങളാണ് ഉറുമ്പുകൾ, മോഹനൻ, ഗുളികൻ, കോഴി, പാമ്പ്നിദ്ര, വസന്തം, രാധ, പരീക്ഷ എന്നിവ.ഈ അദ്ധ്യായങ്ങളും പല പല വിഷയങ്ങളുമായിയാണ് എം മുകുന്ദൻ ആകാശത്തിനു ചുവട്ടിൽ എന്ന ബുക്കിലൂടെ കാണുന്നത്. ഇതിൽ എനിക്ക് ഇഷ്ടപ്പെട്ട കഥയാണ് രാധ എന്നത്. ഇതിലെ കഥാപാത്രമാണ് ജാനു. ജാനു ഒരു വീട്ട് ജോലിക്കാരിയായയാണ് ഇതിൽ ചിത്രീകരിച്ചിരിക്കുന്നത്. എം. മുകുന്ദന്റെ ആകാശത്തിനു ചുവട്ടിൽ എന്ന കഥ അനധികം കാര്യങ്ങൾ ഉൾപ്പെട്ടതാണ് ഈ കഥ.

അഞ്ജന വി ആർ
IX A

## അമ്മയുടെ ദു:ഖം

തന്റെ മക്കൾക്ക് വേണ്ടി എല്ലാം സഹിക്കുന്ന അമ്മ................
ഇന്നവർ മക്കൾക്ക് ഭാരമായി തീർന്നു അമ്മ......
ഇത്രയും നന്നായി വളർത്തിയിട്ട് എന്റെ
മക്കൾ വൃദ്ധസദനത്തിൽ കൊണ്ട് വിട്ടു.
എടക്കൊന്ന് കാണാൻ വന്നില്ല എൻ മക്കൾ.
മക്കൾക്ക് കുടുംബമായി തീർന്നപ്പോൾ
അമ്മയൊരു ഭാരമായി തീർന്നു.
എന്റെ ഭർത്താവ് മരിച്ചതിനു ശേഷം
ഞാൻ ആ വീട്ടിൽ ഒറ്റപ്പെട്ടു.
വൃദ്ധസദനത്തിൽ കിടന്നു മരിച്ചാൽ
ആർക്കൊരു ദു:ഖവുമില്ല..
മക്കൾക്കൊരു ദു:ഖവുമില്ല......
എന്റെ ജീവിതം നഷ്ടമായി
എന്റെ ജീവിതം നഷ്ടമായി തീർന്നു..

ആരഭി എം.എം
VIII A

## മാളുവിന്റെ കുട്ട

ഒരു ദിവസം മാളു പഴങ്ങൾ പറിക്കാൻ പോയി. അതിൽ പൈനാപ്പിൾ, മാങ്ങ, പഴം പിന്നെ കുറച്ച് സാധനങ്ങളും എടുത്തു. മാളു നടന്ന് പോകുമ്പോൾ കുരങ്ങൻ പഴം എടുത്തു. വരയൻ കുതിര മാങ്ങ എടുത്തു. ആന പൈനാപ്പിൾ എടുത്തു. അങ്ങനെ മാളുവിന്റെ കുട്ട കാലിയായി. മാളു ഇതൊന്നും അറിഞ്ഞിരുന്നില്ല . പിന്നെ മാളു കുട്ടയിലേക്ക് നോക്കുമ്പോൾ കുട്ട കാലിയായതു കണ്ടു. അതു കണ്ട മാളുവിന് സഹിക്കാൻ കഴിഞ്ഞില്ല. മാളു കരയാൻ തുടങ്ങി . ഇത് കണ്ട ആട് മാളു നിന്ന മരച്ചുവട്ടിലേക്ക് വന്ന് മരത്തിനെ ഇടിച്ചു. അത് പഴങ്ങൾ നിറഞ്ഞ മരമായിരുന്നു. ആ പഴങ്ങൾ ഓരോന്നായി നിലത്തേക്ക് വീഴാൻ തുടങ്ങി.ആ പഴങ്ങൾ മുഴുവനും മാളു കുട്ടയിൽ പെറുക്കിയിട്ടു. ആ കുട്ടയുമായി മാളു വീട്ടിലേക്ക് പോയി.വീട്ടിൽ ചെന്ന മാളു പഴങ്ങൾ അമ്മക്കും അച്ഛനും എല്ലാവർക്കും കൊടുത്ത് അവ ഭക്ഷിച്ചു.

അർഷാദ്
IX A

## മനുഷ്യൻ

ഞാനൊരു പുഴയായിരുന്നേൽ
മണ്ണിനെ കുളിർപ്പിക്കാമായിരുന്നു
ഞാനൊരു പൂവായിരുന്നേൽ
പ്രണയത്തിൻ തെന്നൽ വിരിക്കാമായിരുന്നു
ഞാനൊരു പുഴുവായിരുന്നേൽ
പൂമ്പാറ്റയായ് പറക്കാമായിരുന്നു
ഞാനൊരു മരമായിരുന്നേൽ
താങ്ങായ് തണലായ് മാറാമായിരുന്നു
പക്ഷെ,

ഞാനൊരു മനുഷ്യനാണ്
പുഴയെയും പൂവിനെയും പുഴുവിനെയും
മറക്കുന്ന മനുഷ്യൻ

നയൻതാര
IX A

## സ്കൂളിലേക്ക്

പുത്തനുടുപ്പുമുടുത്തിട്ട്
പുസ്തക സഞ്ചിയെടുത്തിട്ട്
പുത്തൻകുടയും ചൂടീട്ട്
പുഞ്ചിരിതൂകിപ്പോകാലോ
പള്ളിക്കൂടമണഞ്ഞിട്ട്
പാഠംകേട്ട് പഠിച്ചിട്ട്
പരീക്ഷയെല്ലാമെഴുതീട്ട്
പാരിൽ വിജയം നേടാലോ

ദേവതീർത്ഥ
IV A

# പൂവേ....പൂവേ....

നിറമുള്ള പൂവേ
മനമുള്ള പൂവേ
നിറയെ തേനുള്ളപൂവേ
കാണാനഴകുള്ള പൂവേ
ചേലൊത്തസുന്ദരി പൂവേ
പാടട്ടെ ഞാൻ നിന്നെ നോക്കി
നിന്നഴകിന്റെ പൊലിമ

അനാമിക
IV A

## മഴ പ്പാട്ട്

മഴ മഴ മഴ മഴ മഴ പെയ്യാനായ്
മാനം ഇരുണ്ടു വേഗത്തിൽ
ഇടിയുടെ ശബ്ദം കേട്ടു ഞാൻ
മിന്നൽ വന്നു വേഗത്തിൽ
തണു തണു തണു തണു
തണുപ്പോടെ
കാപെട്ടന്നമ്പോ മഴപെയ്ക്കാറ്റും വീശി വരുന്നുണ്ടേ
ഓടി യൊളിച്ചു  വീട്ടിൽ ഞാൻ
മഴ മഴ മഴ മഴ പെയ്തു
മഴ മവ മഴ മഴ മഴ പെയ്യ്തു

അക്ഷര
III A

# കേരളപ്പിറവി

കേരള സംസ്ഥാനം നിലവിൽ വന്നചത് 1956 നവംബർ 1 നാണ്. മലയാളം പ്രധാന ഭാഷയായപ്രദേശങ്ങളെല്ലാം കൂട്ടിച്ചേർത്തുകൊണ്ടാണ് കേരളം എന്ന സംസ്ഥാന രൂപവൽക്കരിച്ചത്. ഇതോടൊപ്പം തന്നെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും ഭാഷാ സംസ്ഥാനങ്ങൾക്ക് വേണ്ടി പോരാട്ടങ്ങൾ അരങ്ങേറി.

അഭിനവ് കൃഷ്ണ M.R
II A

## തക്കിടതരികിട

കൊക്കി കൊക്കി കോഴി വരും
ചിക്കിമിനുക്കും പൂങ്കോഴി
തത്തി തത്തി തത്ത വരും
പമ്മി പമ്മി പൂച്ച വരും
പാലുകുടിക്കാൻ പൂച്ച വരും
തക്കിട തരികിട എലികൾ വരും
കരണ്ടു തിന്നാൻ എലികൾ വരും

ജ്യോതി കൃഷ്ണ
IV A

## പൊതുവിജ്ഞാനം

കേരളത്തിൽ ഏറ്റവും കൂടുതൽ കാലം അധികാരത്തിൽ ഉണ്ടായിരുന്നതും ബജറ്റ് അവതരിപ്പിച്ചതുമായ മന്ത്രി ആര്?
ഉ:കെ.എം.മാണി

ഇപ്പോഴത്തെ ലോക്സഭാ സ്പീക്കർ ആര്?
ഉ:ഓം ബിർള

ചന്ദ്രോപരിതലത്തിൽ കാണപ്പെടുന്ന മൂലകം?
ഉ:ടൈറ്റാനിയം

ചന്ദ്രയാൻ 1 വിക്ഷേപിച്ചതെന്ന്?
ഉ: 2008 ഒക്ടോബർ 22

ലോകത്തിലെ ഏറ്റവും വലിയ പൂവ് ?
ഉ:റഫ്ളീഷ്യ

ലോകത്തിലെ ഏറ്റവും ചെറിയ പൂവ് ?
ഉ:വുൾഫിയ

ലോകത്തിലെ ഏറ്റവും വലിയ കൊടുമുടി ?
ഉ:മൗണ്ട് എവറസ്റ്റ്

ത്രികോണ ആകൃതിയിൽ കാണപ്പെടുന്ന സമുദ്രം ഏത്?
ഉ:പസഫിക്ക് സമുദ്രം

2019 ലെ എഴുത്തച്ഛൻ പുരസ്കാര ജേതാവ്?
ഉ;ആനന്ദ്

ലോകത്തിലെ ഏറ്റവും വലിയ ഗർത്തം?
ഉ:ചലഞ്ചർ ഗർത്തം

മനുഷ്യ ശരീരത്തിലെ ഏറ്റവും വലിയ അസ്ഥി?
ഉ:തുടയെല്ല്

മനുഷ്യ ശരീരത്തിലെ ഏറ്റവും ചെറിയ അസ്ഥി?
ഉ:സ്റ്റേപ്പീസ്

നീലക്കുറിഞ്ഞിയുടെ ശാസ്ത്രീയ നാമം?
ഉ:സ്ട്രോബിലാന്തസ്സ്കുന്തിയാന

അനഘ ഇ വി

IX A

## വാലുള്ള പട്ടം

വാലുള്ള പട്ടം
ചേലുള്ള പട്ടം
മേലോട്ടു ചുറ്റി
പാറുന്നേ പട്ടം

കുട്ടന്റെ പട്ടം
കെട്ടുള്ള പട്ടം
പൊട്ടില്ലെ പട്ടം

ജ്യോതി
II A

## പ്രകൃതി

പല പല നാളുകൾ ഞാനൊരു  പുഴവായ്
പവിഴക്കൂട്ടിലുറങ്ങി.
ഇരുളും വെട്ടവുമറിയാതെങ്ങനെ
ഇരുന്നു നാളുകൾ നീക്കി
അരളിച്ചെടിയുടെ  ഇലതന്നടിയിൽ
അരുമ കിങ്ങിണി പോലെ
വീശും കാറ്റത്തിളകിത്തുള്ളി
വീഴാതങ്ങനെ നിന്നു
ഒരുനാൾ  സൂര്യനുദിച്ചുണരുമ്പോൾ
വിടരും ചിറകുകൾ വീശ വീശി
പുറത്തുവന്നു അഴകുതുടിക്കും
പൂമ്പാറ്റ തളിരായി
പൂവിൽ തുള്ളും  പൂവതുപോലെ
പൂന്തേനുണ്ടു കഴിഞ്ഞു.

നിവേദ്യ എം. എസ്
III A

## മാങ്ങ

മാവിൻ ചില്ലയിലെ മാങ്ങ
പച്ചനിറമുള്ള മാങ്ങ
കാണാൻ ചന്തമുള്ള മാങ്ങ
മാങ്ങ പറിക്കാൻ അണ്ണാൻ വന്നു

അണ്ണാനെ കാണാൻ എന്തു ഭംഗി
എന്തു ഭംഗി എന്തു ഭംഗി
അണ്ണാൻ കുഞ്ഞ് ഓടി വന്ന്
മാങ്ങ പറിച്ച് ഓടി..

അഞ്ജന വി ആർ
IX A

## പുകവലി ചീത്തയാണ്

ഒരു കൊച്ചു ബാലിക ഒരിക്കൽ ഗാന്ധിജിയുടെ കയ്യൊപ്പിനായി അദ്ദേഹത്തെ സമീപിച്ചു . ഒരൊപ്പിന് അഞ്ചുരൂപയാകും ബാപ്പുജി ചിരിച്ചുകൊണ്ടുപറഞ്ഞു.സമരഫണ്ടിലേക്ക് സംഭാവനയായി ഗാന്ധിജിക്ക്
ഒരഞ്ചുരൂപനോട്ട് കയ്യിൽ കരുതിയിരിന്നു അതവൾ അദ്ദേഹത്തെ ഏൽപ്പിച്ചു.ബാപ്പുജി അത് വാങ്ങി അവളുടെ പുസ്തകത്താളിൽ ഒപ്പിട്ടു നൽകി . എന്നാൽ ആ ബാലിക തൃപ്തയായില്ല അവൾ പറഞ്ഞു ബാപ്പുജി, വെറുതേ ഒരൊപ്പു മാത്രം പോരാ അങ്ങയുടെ രണ്ടു വാക്കും കൂടി
വേണം അവളുടെ നിഷ്കളങ്കമായ വർത്തമാനം കേട്ടപ്പോൾ ബാപ്പുജിക്ക് സന്തോഷം തോന്നി അദ്ദേഹം .ചോദിച്ചു കുട്ടി നിന്റെ അച്ഛനെന്താണ് ജോലി ? അച്ഛന് പുകയിലക്കച്ചവടമാണ്
ബാപ്പുജി അവളുടെ പുസ്തകത്തിൽ ഇങ്ങനെ കുറിച്ചു
പുകവലി ചീത്തയാണ്

ദേവദർശ്
III B

## വായനക്കുറിപ്പ്

***ബാലസാഹിത്യ കൃതികളിൽപ്പെട്ട ഏറ്റവും പ്രശസ്ത കൃതികളിൽ ഒന്നാണ് ലോക പ്രശസ്തബാലകഥകൾ . അതിൽ ഏറെ രസകരമായ ഒട്ടേറെ കഥകൾ ഉണ്ട്. കുട്ടികളെ മുതൽ മുതിർന്നവരെവരെ ഇരുത്തി വായിപ്പിക്കുകയും വായന രസകരമായി അവതരിപ്പിക്കുകയുമാണ് എഴുത്തുക്കാരൻ. ചെറുപ്പം മുതൽ തന്നെ കേട്ട് വരുന്ന കഥകളാണ് അതിൽ അടങ്ങിയിരിക്കുന്നത്. പല കഥകളും നമ്മുടെ ഓർമ്മയിൽ നിന്നുതന്നെ മായാതെ കിടക്കാൻ കഴിയുന്നത്രെ മനോഹരകമാണ് ഓരോ കഥകളും***

***ചെറുകഥകളാണെങ്കിലും ഏറെ ഗുണപാഠവും കേൾക്കുമ്പോഴും വായിക്കുമ്പോഴും നമ്മളാണ് അതിലെ കഥാപാത്രങ്ങൾ എന്ന് വരെ തോന്നി പോകും***
***അതിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥയാണ് ,നോഹയുടെ പെട്ടകം ,അതിൽ ദൈവത്തിന്റെ ആജ്ഞാനമനുസരിച്ച് ഒരു കപ്പൽ നിർമ്മിക്കുകയും അതിൽ 44 ദിവസത്തോളം കൊടും മഴയിൽ സർവ്വവസ്തുക്കളിൽ നിന്നും രണ്ട് ഇണകളെ വസിപ്പിച്ച് ആ ദൈവത്തിൽ വിശ്യസിക്കാത്തവരെല്ലാം ആപ്രളയത്തിൽ മുങ്ങി പോവുകയും ചെയ്തു ഈ കഥപോലെ ഒട്ടേറെ കഥകൾ ചേർന്ന കൃതിയാണ് ഇത്***

ആയിഷ മഹന
IX A

## വിശ്വവിഖ്യാതമായ മൂക്ക്

പ്രശസ്ത എഴുത്തുകാരനായ ശ്രീ വൈക്കം മുഹമ്മദ് ബഷീറിന്റെ കഥയാണ് വിശ്വവിഖ്യാതമായ മൂക്ക്. ഏത് പ്രായക്കാരെയും ചിരിപ്പിക്കുകയും ചിന്തിപ്പികുകയും ചെയ്യുന്ന കൃതികളാണ് ബഷീറിന്റേത്. ഇതിലെ ഒരു കഥാപാത്രമാണ് മൂക്കൻ. ഇയാൾ ഒരു സാധാരണക്കാരനാണ് ഒരു ദിവസം ഇയാളുടെ മൂക്ക് പൊക്കിൾ കൊടി വരെ വളർന്നു. അത് വലിയ വാർത്തയായി മാറി. അയാൾ ജോലി ചെയ്ത സ്ഥലത്ത് സന്ദർശകരേപ്പോലെ എന്നും ആൾക്കൂട്ടം അദ്ഭുതകരമായ ഈ മൂക്ക് കാണാൻ വിദേശത്തു നിന്ന് വരെ ആളുകൾ വന്നു. ഇതിനെ തുടർന്ന് ഇയാളെ ജോലി ചെയ്ത സ്ഥലത്ത് നിന്ന് പിരിച്ച് വിട്ടു. ഈ മൂക്ക് കാരണം ഇദ്ദേഹം പ്രശസ്തനായി. ഇതിനെ തുടർന്ന് നാട്ടുകാർ ഇദ്ദേഹത്തെ മൂക്കൻ എന്ന് പേര് വിളിച്ചു. പിന്നീട് അദ്ദേഹം കൈവരിച്ച നേട്ടങ്ങളും കോട്ടങ്ങളുമാണ് കഥ. ഈ കഥ വായനക്കാരെ രസിപ്പിക്കുന്ന ഒന്നാണ്. ബഷീർ വളരെ ലളിതമായ രീതിയിലാണ് എഴുതിയിരിക്കുന്നത്. അതിനാൽ ഇത് ഏതു പ്രായക്കാർക്കും എളുപ്പം മനസ്സിലാക്കാൻ കഴിയും.

അതുൽ അശോക്
IX

## മധുരം മലയാളം

മാറുചുരത്തുന്ന അമ്മയ്ക്കു തുല്യമെൻ
മലനാടിൻ മൊഴി മലയാളം
സഹ്യന്റെ പുത്രിയായ് നിളയുടെ ധാത്രിയായ്
എന്നിലൂടൊഴുകുന്നെൻ മലയാളം

ഞാനെന്ന ഭാവത്തെ നീക്കിടും നന്മയായ്
നിത്യമനോഹരി മലയാളം
അമ്മയായ് നന്മയായ് അംബുജമായ്
അംബികേ നിന്നെ തൊഴുന്നു ഞങ്ങൾ

നയൻതാര
IX A

## അമ്മ

അമ്മയണമ്മ അവൾ
അമ്മയാണ് അമ്മ
സ്നേഹിക്കാൻ മാത്രം
അറിയുന്നവളമ്മ
കുഞ്ഞുങ്ങൾതെറ്റ്
പറയുന്നത് കേട്ടാൽ
തിരുത്തുന്ന
താണവളാമ്മ
എന്നെ വളർത്തുവാൻ
ത്യാഗം സഹിക്കുന്നവളാമ്മ
ക്ഷമയുടെ മുമ്പിൽ മുണ്ടുമടക്കു

ആയിഷ മഹന
IX A

## വിദ്യാലയത്തിന്റെ പൂമുഖതിണ്ണ

വിദ്യാലയത്തിന്റെ  പൂമുഖത്തിണ്ണയിൽ
നിന്നെയും കാത്ത് ഞാൻ ഏകനായ്
എവിടേക്കാ പോയേ നീ.... ഒരുവാക്കുമിണ്ടാതെ..
ഇരവിന്റെ തേങ്ങലായ് അകലുന്നത്

തനിയെ ഇരിക്കുന്ന ഓരോ നിമിഷവും
നിനക്കായ് മാറ്റിവച്ചീടാം ഞാൻ
നിന്റെ കൈവെള്ളയിൽ വച്ചുന്നിട്ടീടുന്ന
കൊച്ചു പുളിയും നെല്ലിക്കയും

അദ്വൈത്
IV

## തോരാമഴ

ആധുനിക കവിതയുടെ വഴിൽ ഒട്ടക്കക്കാരായ ചെറുപ്പക്കാരിൽ ശ്രദ്ധേയനായ കവിയാണ് ശ്രീ.റഫീക്ക് അഹമ്മദ്. അദ്ദേഹം 1961-ൽ തൃശ്ശൂർ ജില്ലയിലെ അക്കിക്കാവിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ രജനാരീതി പാരമ്പര്യവും പുതുമയും കൂടി ചേർന്നുള്ളതാണ്. കവിത സമാഹാരങ്ങളും ചലചിത്രങ്ങളും സർഗാത്മക രചനയിൽ തന്റേതായ ഒരു ശബ്ദം റഫീക്ക് അഹമ്മദ് ഇതിനോടകം കേൾപ്പിച്ചിട്ടുണ്ട്. കവി എന്ന നിലയിൽ താൻ ജനിച്ച് വളർന്ന മുസ്ലിം സമൂഹത്തിന്റെ നൊമ്പരങ്ങളെ തന്റേതായ ജീവിത പരിസരങ്ങളെ ലഘു കവിതകളിൽ കോറിയിടുന്ന കവി കേരള സാഹിത്യ അക്കാദമി അവാർഡ്, ചലചിത്ര ഗാന രചനക്കുള്ള സംസ്ഥാന അവാർഡ് എന്നിവ കരസ്ഥമാക്കി. തന്റെ എഴുത്തു രീതിയിൽ അടങ്ങിയിരിക്കുന്ന മിക്ക സവിശേഷതകളും ഒരു കവിതയിൽ കോറിയിടാൻ അദ്ദേഹത്തിന് സാധിച്ചിട്ടിണ്ട്. അതിനൊരു ഉദാഹരണമാണ് തോരാമഴ.

ആത്മദുഖത്തിന്റെ ആഴം

പ്രകൃതിയിലെ ബിംബവിഷ്കാരങ്ങളിലൂടെ വ്യക്തമാകുന്ന തോരാമഴ പാരമ്പര്യ കവിതാ സമ്പ്രദായത്തേയും അനുവർത്തിക്കുന്നതോടൊപ്പം കദനത്തിന്റെ ശക്തമായ അനുഭവതീഷ്ണത അനുവാചകരിലേക്ക് എത്തിക്കുവാനും

ശ്രമിച്ചിരിക്കുന്നു. ഇതിലൂടെ കവി അവതരിപ്പിക്കുന്നത് ഒരു ഉമ്മയും മകളും തമ്മിലുള്ള സുദൃഢമായ സ്നേഹ ബന്ധത്തെയാണ്.

ആയിഷ മഹന
IX A

## കാൻസർ വാർഡിലെ ബുദ്ധൻ

ഈ കഥ എഴുതിയത് അനീഷ് ജോസഫാണ്. ഈ കഥയിൽ പറയുന്നത് ജീവിതത്തിന്റെ വ്യവസ്ഥാപിത ഘടകങ്ങൾക്ക് മേലുള്ള വെല്ലുവിളികളായി തുടരുന്ന കഥകൾ പുതു വായനയുടെയും പുതുചിന്തയുടെയും വിള നിലങ്ങളാകുന്ന ഈ കഥക്ക് ആധുനിക ലോകത്ത് ഏറെ പ്രസക്തിയുണ്ട്. ഏകജാലകങ്ങളിലൂടെയുള്ള നേട്ടങ്ങൾക്കപ്പുറത്തേക്ക് വായനക്കാരെ  കൂട്ടി കൊണ്ട് പോകുന്നവയാണ് ഈ കഥകൾ. കാലത്തിന്റെ അധിവേഗമുള്ള കടന്ന്  പോക്കിൽ ഒന്ന് തിരിഞ്ഞ് നോക്കാൻ പോലും മനസ്സ് കാണിക്കാത്ത ഏവരേയും അനീഷ് ജോസഫിന്റെ കഥകൾ പിടിച്ച് നിർത്തും. സമൂഹത്തിൽ ഏകാകിയാവുന്നവരെയാണ് തന്റെ കഥകൾ എന്ന് കഥാകാരൻ ബോധപൂർവ്വം പറയുന്നില്ല. മറിച്ച് വായനയുട നീളം ഇത് ഓർമ്മപ്പെടുത്തുന്നു.

ഫിദ ഫാത്തിമ പി.എ

IX A